# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 8234 17.07.2014-ൽ മറുപടിക്ക്

## കടങ്ങൾ എഴുതിത്തള്ളുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കഴിഞ്ഞ സർക്കാർ പട്ടികജാതി - പട്ടികവർഗ്ഗങ്ങളുടെയും ദളിത് ക്രൈസ്തവരുടേയും കടങ്ങൾ എഴുതിത്തള്ളുന്നതു സംബന്ധിച്ച് ഒരു സ്കീം പ്രഖ്യാപിച്ചിരുന്നോ ;<br>ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | എ) & ബി) പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ, പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും, 31.3.2006 -ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ കുടിശ്ശികയായതുമായ 25,000/- രൂപ വരെയുള്ള വായ്പകളുടെ 25,000/- രൂപ വരെയുള്ള ബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനും അതിനു മുകളിലുള്ള തുകയുടെ പരിശയും പിഴപ്പലിശയും ഒഴിവാക്കി വ്യവസ്ഥകൾക്ക് വിധേയമായി ഒറ്റത്തവണയായി തീർപ്പാക്കുന്നതിനും 12.11.2009 ലെ സ.ഉ.(അച്ചടി) 100/2009/ പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു |
| സി) ഈ പദ്ധതിയനുസരിച്ച് എത്ര പട്ടികജാതിക്കാരുടെയും എത്ര പട്ടികവർഗ്ഗക്കാരുടെയും എത്ര ദളിത് ക്രൈസ്തവരുടെയും കടങ്ങൾ ഏതൊക്കെ വർഷങ്ങളിലായി എഴുതിതള്ളിയെന്ന് വ്യക്തമാക്കാമോ ; | സി) വിവരം ശേഖരിച്ചു നൽകുന്നതാണ് |

| | |
|---|---|
| ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ദളിത് ക്രൈസ്തവരുടെ കടങ്ങൾ ഒന്നും എഴുതിത്തള്ളിയിട്ടില്ല എന്ന പരാതി ഉന്നയിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; | ഡി) ലഭിച്ചിട്ടുണ്ട്, എന്നാൽ ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പ്രസ്തുത ഉത്തരവിന്റെ കാലാവധി പല തവണ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്, കൂടാതെ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2011-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകൾ അടച്ചുതീർക്കാൻ സഹായകമായ വിധത്തിൽ 31.03.2013 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |
| ഇ) എങ്കിൽ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | ഇ) അനുബന്ധമായി ചേർക്കുന്നു. |
| എഫ്) പ്രസ്തുത നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | എഫ്) & ജി) പരിശോധിക്കുന്നതാണ്. |
| ജി) ദളിത് ക്രൈസ്തവരുടെ കടങ്ങൾ എഴുതിത്തള്ളാൻ തയ്യാറാകുമോ ? | |

Sali K.J
സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**